(സി) 'കെസ്റു' പദ്ധതിപ്രകാരം 1867 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. മറ്റു മേഖലകളിലെ തൊഴിലവസരങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല.

തൊഴിൽ വകുപ്പുമുഖേനയുള്ള പെൻഷൻ പദ്ധതികൾ

42 |504| *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പുമുഖേന നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാമെന്നും ഗുണഭോക്താക്കൾ എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പെൻഷൻ പദ്ധതികളിൽ ഏതെങ്കിലും പദ്ധതിയുടെ പ്രതിമാസ പെൻഷൻ തുക 2001 മേയ് മാസത്തിനുശേഷം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഈ പെൻഷൻ പദ്ധതികളിൽ ഓരോന്നിലും എത്രമാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്നും ഇവ ഓരോന്നും വിതരണം ചെയ്യുന്നതിന് എത്ര തുകവീതം ആവശ്യമായിവരുമെന്നും വെളിപ്പെടുത്തുമോ;

(ഡി) 2001 മേയ് മാസത്തിനുശേഷം പുതുതായി ഏതെങ്കിലും പെൻഷൻ പദ്ധതി ആരംഭിക്കുകയുണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) തൊഴിൽ വകുപ്പുമുഖേന നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കർഷകത്തൊഴിലാളി പെൻഷൻ.
2. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 60 വയസ്സുകഴിഞ്ഞ ചുരുട്ടു തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ.
3. കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് നിലവിൽവരുന്നതിനുമുൻപ് സർവ്വീസിൽനിന്നും വിരമിച്ച സ്റ്റാഫിനും തൊഴിലാളികൾക്കുമുള്ള പെൻഷൻ.

ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

കർഷക തൊഴിലാളി പെൻഷൻ	:	532,987
ചുരുട്ടുതൊഴിലാളി പെൻഷൻ	:	440
കശുവണ്ടി തൊഴിലാളി പെൻഷൻ:		11,393

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. *കർഷകത്തൊഴിലാളി പെൻഷൻ:*

24 മാസത്തെ കുടിശ്ശികയുണ്ട്. ഇത് വിതരണം ചെയ്യുന്നതിനായി 161,17,52,688 രൂപ ആവശ്യമായിവരും

2. *ചുരുട്ടുതൊഴിലാളി പെൻഷൻ:*

4 മാസത്തെ കുടിശ്ശികയുണ്ട്. ഇത് വിതരണം ചെയ്യുന്നതിനായി 1,84,800 രൂപ ആവശ്യമായിവരും.

3. *കശുവണ്ടിത്തൊഴിലാളി പെൻഷൻ:*

22 മാസത്തെ കുടിശ്ശികയുണ്ട്. ഇത് വിതരണം ചെയ്യുവാൻ 3,25,51,750 രൂപ ആവശ്യമായിവരും.

(ഡി) ഇല്ല.

"കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്"

43 [505] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *സ്റ്റീഫൻ ജോർജ്:*
" *ജോസഫ് എം. പുതുശ്ശേരി:*

ശ്രീമതി എറിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്" അനുസരിച്ച് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെ നിയമിക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. യിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

സംസ്ഥാനത്തുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ 'പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കു' പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly